# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2478 — 19/06/2013 - ൽ മറുപടിക്ക്

## ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ളാൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി:<br>ശ്രീ. പി.കെ.ബഷീർ:<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ. പി.ഉബൈദുള്ള: | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അമ്പതു വർഷത്തെയെങ്കിലും ജലഗതാഗത ആവശ്യം കണക്കിലെടുത്ത് ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്ന കാര്യത്തിൽ തീരുമാനം സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) & (ബി) | ഉണ്ട്. ജലഗതാഗതം വികസിപ്പിക്കുന്നതിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ രണ്ടു ഭാഗങ്ങളിലായുള്ള സംസ്ഥാന ജലപാതകളായ കൊല്ലം-കോവളം പാതയും കോട്ടപ്പുറം-നീലേശ്വരം പാതയും വികസിപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി നടപ്പിലാക്കിവരുന്നു. കൊല്ലം-കോവളം പാതയുടെ വികസനത്തിന്റെ ഭാഗമായി കൊല്ലംതോടിന്റെയും ശിവഗിരി മുതൽ നടയറ വരെയുള്ള ഭാഗത്തിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള വികസനത്തിന്റെ ഭാഗമായിട്ടുള്ള മുഖ്യ നിർമ്മിതികളിലൊന്നായ വടകര-മാഹി കനാലിന്റെയും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ മാഹി-വളപട്ടണം കനാലിന്റെ പര്യവേഷണവും നടന്നുവരുന്നു. |
| (സി) കായലുകളുടെ സർവ്വെ, മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) കായലുകളെ ബന്ധിപ്പിച്ചുള്ള കനാലുകളെല്ലാം രണ്ടുവരി ഗതാഗതത്തിന് അനുയോജ്യമാക്കി വികസിപ്പിക്കുന്ന കാര്യം ഇതിൽ ഉൾപ്പെടുത്തുമോ ? | (ഡി) | കായലുകളിലേക്ക് എത്തിച്ചേരുന്ന ഫീഡർ കനാലുകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ 13-ാം ധനകാര്യ കമ്മീഷന്റെയും നബാർഡിന്റെയും ധനസഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. പരമാവധി ഗതാഗതം സാദ്ധ്യമാകുന്ന വിധത്തിലാണ് ജോലികൾ ഏറ്റെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ